ആലുവ നജാത്ത് ഹോസ്പിറ്റലിൽ ആക്രമണം നടത്തി ജനറേറ്റർ യൂണിറ്റും പിക്കപ്പ് വാനും കത്തിച്ച കേസിൽ പ്രതി അറസ്റ്റിൽ. കടുങ്ങല്ലൂർ എല്ലൂക്കര പുന്നേൽക്കടവ് ഭാഗത്ത് വാടകയ്ക്ക് താമസിക്കുന്ന കുന്നംകുളം കേച്ചേരി നാലകത്ത് വീട്ടിൽ നിഷാദ് മുഹമ്മദലി (26) യാണ് ആലുവ പോലീസിൻറെ പിടിയിലായത്. കഴിഞ്ഞ 12 ന് രാത്രി പത്തരയോടെയാണ് സംഭവം. പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സക്കെത്തിയ ഇയാൾ ആശുപത്രി ജീവനക്കാരോട് തട്ടിക്കയറുകയായിരുന്നു. തുടർന്ന് ആശുപത്രിയുടെ ജനറേറ്റർ യൂണിറ്റും വാഹനവും കത്തിച്ചു കടന്നു കളഞ്ഞു.